**QP CODE: 24045417**

24045417

Reg No : .....................

Name : .....................

# MA DEGREE ( CSS) EXAMINATION, DECEMBER 2024

## First Semester

M A MALAYALAM

## CORE - ML010103 - MALAYALA CHERUKADHA

2019 ADMISSION ONWARDS

591FE190

Time: 3 Hours

Weightage: 30

**Part A (Short Answer Questions)**

*Answer any **eight** questions.*

*Weight **1** each.*

1. ദ്വാരക എന്ന കഥയെ മുൻനിർത്തി ആദ്യകാല ചെറുകഥകളുടെ ഭാഷ, ഘടന എന്നിവയെപ്പറ്റി വിവരിക്കുക.
2. ആദ്യകാല പത്രമാസികകൾ മലയാള ചെറുകഥാ സാഹിത്യത്തെ പരിപോഷിപ്പിച്ചതെങ്ങനെ ?
3. മൊയ്തീൻ എന്ന കഥാപാത്രം പാവപ്പെട്ടവൻെറ പ്രതിനിധിയാണോ ? വിശദീകരിക്കുക
4. കോവിലൻെറ കഥകളുടെ പൊതുസവിശേഷതകൾ വ്യക്തമാക്കുക.
5. ടി.പത്മനാഭൻെറ സാക്ഷി എന്ന കഥയിലെ നായകൻ എന്തിനെല്ലാം സാക്ഷിയായിരുന്നു ? വ്യക്തമാക്കുക.
6. വാസ്തുഹാര എന്ന തലക്കെട്ടിൻെറ അർത്ഥവിവക്ഷകൾ വിശകലനം ചെയ്യുക.
7. "ഞങ്ങൾ നിങ്ങളെ എല്ലാവരെയുംപോലെ നിലനിൽപിൻെറ അനിശ്ചിതത്ത്വത്തെപ്പററി ഭീതിപൂണ്ട മനുഷ്യർ മാത്രമാണ്." ഈ വാക്യത്തിൽ അന്തർലീനമായിരിക്കുന്ന സൂചന വ്യക്തമാക്കുക.
8. ഭരണകൂടം മുതലാളിത്തത്തെ എങ്ങനെ സ്വീകരിക്കുന്നുവെന്ന് ഒക്കിനാവയിലെ പതിവ്രതകൾ എന്ന കഥയെ ആസ്പദമാക്കി വിവരിക്കുക.
9. മലയാള സ്ത്രീവാദ എഴുത്തുകാരിൽ ഗ്രേസിയുടെ സ്ഥാനം നിർണയിക്കുക.
10. പ്രവാസി ജീവിതാനുഭവങ്ങൾ മലയാളചെറുകഥയിൽ ആവിഷ്കരിക്കുന്നതിൽ ബന്യാമിൻ എത്രത്തോളം വിജയിച്ചിട്ടുണ്ട് ?

(8×1=8 weightage)

## Part B (Short Essay/Problems)

*Answer any **six** questions.*

*Weight **2** each.*

11. അതികഠിനം എന്ന കഥയിൽ ഉയർന്നു വരുന്ന പ്രതിഷേധ സ്വരത്തെ വിശകലനം ചെയ്യുക.
12. "അധികാരം കയ്യാളുന്ന പുരുഷൻമാരുടെ അനീതികളെ പച്ചയ്ക്ക് ചോദ്യം ചെയ്യുന്നുണ്ട് താത്രിയിലൂടെ അന്തർജനം" ശരിയോ ?
13. സമൂഹത്തിന്റെ പൊതുബോധം പെൺബുദ്ധി എന്ന കഥയിൽ വിമർശിക്കപ്പെടുന്നതെങ്ങനെ ?
14. ജാതീയമായ വിവേചനങ്ങൾക്ക് എതിരായ എഴുത്തുകൾ മലയാള ചെറുകഥയിൽ എത്രത്തോളം വിജയം കൈവരിച്ചിട്ടുണ്ട് ? പരിശോധിക്കുക.
15. തൂക്കുമരങ്ങൾ ഞങ്ങൾക്ക് എന്ന കഥയിലെ നീതിപാലകനെ പരിചയപ്പെടുത്തുക.
16. "നന്മയുടെ പൂക്കൾ അപൂർവമായിമാത്രം വിരിയുന്ന ലോകത്തിൽ രാജാവ് ഒരു ചരിത്രപുരുഷനായിത്തീർന്നത് ഇത്തരമൊരു തിരിച്ചറിവിലൂടെയായിരുന്നു." എന്തായിരുന്നു തിരിച്ചറിവ്?
17. വേട്ടയാടപ്പെടുന്ന സ്ത്രീത്വത്തിന്റെ നിസ്സഹായത ഡൽഹി 1980 എന്ന കഥയിൽ ആവിഷ്കൃതമാകുന്നതെങ്ങനെ?
18. "ദളിതരുടെ മാത്രമല്ല,ചൂഷിതവർഗത്ത്ന്റെയാകമാനം പ്രശ്നങ്ങൾ പ്രേതഭാഷണം വെളിപ്പെടുത്തുന്നുണ്ട്." ശരിയോ?

(6×2=12 weightage)

## Part C (Essay Type Questions)

*Answer any **two** questions.*

*Weight **5** each.*

19. സ്ത്രീസൌന്ദര്യത്തിന്റെ വിവിധമാനങ്ങൾ ദീനാമ്മയിൽ അവതരിപ്പിക്കുന്നതെങ്ങനെ ?
20. കാരൂർക്കഥകളുടെ സവിശേഷതകൾ മരപ്പാവകൾ എന്ന കഥയെ ആസ്പദമാക്കി ഉപന്യാസിക്കുക .
21. സമൂഹത്തിൽ താഴ്ന്നവരുടെയും ദരിദ്രരുടെയും ജീവിതംഎങ്ങനെ അടിമവൽക്കരിക്കപ്പെടുന്നു എന്നതിന്റെ നേർക്കാഴ്ചയാണ് ജീവച്ഛവങ്ങൾ.സോനയുടെയും അംഗുലിയുടെയും ജീവിതാവസ്ഥ മുൻനിർത്തി പരിശോധിക്കുക.
22. കഥാഖ്യാനത്തിന്റെ വിവിധ തലങ്ങൾ ഉദാഹരണസഹിതം വിശദമാക്കുക.

(2×5=10 weightage)